# 2015 ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിലേക്കുള്ള കുരുമുളകിന്റെ വില പ്രവചനം

## കുരുമുളക് കൂടുതലായി വിപണിയിൽ എത്തുന്നതിനാൽ വില കുറയുവാൻ സാധ്യത

'സുഗന്ധവ്യഞ്ജനങ്ങളുടെ രാജാവ്' എന്നറിയപ്പെടുന്ന കുരുമുളക്, മണികൾക്കു വേണ്ടി കൃഷി ചെയ്യുന്ന ഒരു ബഹുവർഷ വിളയാണ്. വിയറ്റ്നാമാണ് ലോകത്ത് ഏറ്റവുമധികം കുരുമുളക് ഉല്പാദിപ്പിക്കുകയും കയറ്റുമതി നടത്തുകയും ചെയ്യുന്ന രാജ്യം. ആഗോള കുരുമുളക് ഉല്പാദനത്തിന്റെ മൂന്നിൽ ഒരുഭാഗവും ഈ രാജ്യത്തിന്റെ സംഭാവനയാണ്. ഇന്ത്യയും കുരുമുളകിന്റെ പ്രമുഖ ഉല്പാദക ഉപഭോക്തൃ രാജ്യങ്ങളിലൊന്നാണ്. രാജ്യാന്തര കുരുമുളക് സമൂഹത്തിന്റെ കണക്കുകൾ പ്രകാരം 2015ലെ ആഗോള കുരുമുളക് ഉല്പാദനം 3,74,500 ടണ്ണായിരിക്കും. ഇന്ത്യയിൽ ഈ വർഷത്തെ കുരുമുളക് ഉല്പാദനം 75,000 ടണ്ണായിരിക്കുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. കഴിഞ്ഞ വർഷത്തെ ഉല്പാദനത്തിന്റെ ഇരട്ടിയാണിത്. ഇന്ത്യയിൽ ഈ വർഷം കുരുമുളകിന്റെ ആഭ്യന്തര ഉപഭോഗം 46,000 ടണ്ണായിരിക്കും എന്ന് കണക്കാക്കപ്പെടുന്നു. കുരുമുളകിന്റെ ആഭ്യന്തര ഉപഭോഗം ഇന്ത്യയിൽ ഓരോ വർഷവും 4–5 ശതമാനം എന്ന നിരക്കിൽ കൂടിക്കൊണ്ടിരിക്കുകയാണ്.

ഇന്ത്യയിലെ കുരുമുളക് ഉല്പാദനത്തിന്റെ 80 ശതമാനവും കർണ്ണാടകം, കേരളം എന്നീ രണ്ട് സംസ്ഥാനങ്ങളുടെ സംഭാവനയാണ്. അനുകൂലമായ കാലാവസ്ഥ കാരണം ഈ വർഷം കേരളത്തിലെ കുരുമുളക് ഉല്പാദനം കഴിഞ്ഞ വർഷത്തെക്കാൾ കൂടുതലായിരിക്കും. സ്പൈസസ് ബോർഡിന്റെ കണക്കുകൾ പ്രകാരം 2011–12ൽ കർണ്ണാടകത്തിൽ കുരുമുളക് കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി 21,060 ഹെക്ടറായിരുന്നു, ഉല്പാദനം 16,000 ടണ്ണും. ഇത് അതിനുശേഷം മൂന്നിരട്ടിയായി വർദ്ധിച്ചിട്ടുണ്ട്. കർണ്ണാടകത്തിൽ ഈ വർഷം കുരുമുളക് ഉല്പാദനം സാധാരണ ഉല്പാദനത്തിൽ നിന്നും 30–35 ശതമാനം കൂടുതലായിരിക്കുമെന്ന് കണക്കാക്കിയിരിക്കുന്നു. ഡിസംബർ ആദ്യം മുതൽ മാർച്ച് അവസാനം വരെയാണ് ഇന്ത്യയിൽ കുരുമുളകിന്റെ വിളവെടുപ്പ് കാലം. വിളവെടുപ്പിന് ശേഷം ചരക്ക് ധാരാളമായി വിപണിയിലെത്തുന്നതാണ് ഇപ്പോൾ കർണാടകത്തിലും കേരളത്തിലും കുരുമുളകിന് കാണപ്പെടുന്ന വിലക്കുറവിന്റെ കാരണം. കുരുമുളക് ധാരാളമായി വിപണിയിലേക്ക് എത്തിയേക്കാമെന്ന പ്രതീക്ഷയിൽ ഉൾനാടൻ വ്യാപാരികളും വാങ്ങൽ കുറച്ചിട്ടുണ്ട്. കേരളത്തിൽ നിന്നും വിപരീതമായി മഴയുടെ ഏറ്റക്കുറച്ചിലുകൾ കർണ്ണാടകത്തിൽ കുരുമുളക് കൃഷിയെ ബാധിക്കില്ല. ജലസേചന സൗകര്യത്തോടെയാണ് കർണ്ണാടകയിൽ മിക്ക തോട്ടങ്ങളിലെയും കുരുമുളക് കൃഷി.

ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിൽ കുരുമുളക് വൻതോതിൽ വിപണിയിൽ എത്തുമെന്നതിനാൽ വില കുറയുന്നതായിരിക്കും പ്രവണതയെന്ന് വ്യപാരികൾ പ്രതീക്ഷിക്കുന്നു. ഫെബ്രുവരിയിൽ വിളവെടുപ്പ് സീസൺ തുടങ്ങുന്ന കർണാടകത്തിൽ നിന്നും കുറഞ്ഞ വിലയ്ക്ക് കുരുമുളക് വാങ്ങിക്കൂട്ടാമെന്നും അവർ കണക്കു കൂട്ടുന്നു. വെയർഹൗസുകളിൽ നിന്നും കരതട്ടിയ 6,000ത്തോളം ടൺ കുരുമുളക് ശുദ്ധിയാക്കിയതിനുശേഷം വിപണിയിൽ എത്താനും സാധ്യതയുണ്ട്.

കുരുമുളകിന്റെ ഏറ്റവും വലിയ ഉപഭോക്തൃരാജ്യമായ ഇന്ത്യ പ്രധാനമായും കുരുമുളക് ഇറക്കുമതി ചെയ്യുന്നത് വിയറ്റ്നാം, ശ്രീലങ്ക, ഇന്തോനേഷ്യ എന്നീ രാജ്യങ്ങളിൽ നിന്നാണ്. 2014 ഏപ്രിൽ മുതൽ നവംബർ വരെയുള്ള മാസങ്ങളിൽ വിയറ്റ്നാമിൽ നിന്നുമുള്ള

കുരുമുളകിന്റെ ഇറക്കുമതി തലേവർഷം ഇതേ സമയത്തുണ്ടായിരുന്നതിലും 50 ശതമാനം വർദ്ധിച്ചിട്ടുണ്ട്. മൂല്യവർദ്ധിത ഉല്പന്ന നിർമ്മാതാക്കളുടെ ആവശ്യം ഉയർന്നതാണ് ഇതിനു കാരണം.

വിയറ്റ്നാമൊഴികെയുള്ള രാജ്യങ്ങളിൽ കുരുമുളക് ഉല്പാദനം കൂടിക്കൊണ്ടിരിക്കുന്നതിനാൽ കുരുമുളകിന്റെ വില സ്ഥിരമായി കുറഞ്ഞുകൊണ്ടിരിക്കുന്ന പ്രവണത കാണിക്കുവാനാണ് സാധ്യത. കുരുമുളക് ഉല്പാദനം വിയറ്റ്നാമിൽ ഈ വർഷം തലേവർഷത്തേക്കാൾ നേരിയ തോതിൽ കുറവായിരിക്കും. ഇന്ത്യയിൽ കുരുമുളക് ഉല്പാദനം കൂടിയിട്ടുണ്ടെങ്കിലും, അധിക ഉല്പാദനം വർദ്ധിച്ചുവരുന്ന വ്യാവസായിക ആവശ്യത്തിനു വേണ്ടി വിനിയോഗിക്കപ്പെടും. 2015-ലെ ആദ്യ നാലുമാസങ്ങളിൽ കുരുമുളക് വിലയിലുണ്ടാകുന്ന കുറവിന്റെ കാരണം വിളവെടുപ്പ് സീസണും, വിളവെടുപ്പിന് ശേഷം കൂടുതൽ കുരുമുളക് വിപണിയിൽ എത്തുന്നതുമാണ്. ഉല്പാദക രാജ്യങ്ങളിൽ കുരുമുളകിന്റെ ഇപ്പോഴുള്ള സ്റ്റോക്ക് പരിമിതമാണ്. അതിനാൽ വിളവെടുക്കുന്ന കുരുമുളക് പെട്ടെന്നു തന്നെ വിപണിയിൽ ഉൾക്കൊള്ളപ്പെടും. ഇക്കാരണത്താൽ ഈ വർഷം അവശേഷിക്കുന്ന മാസങ്ങളിൽ കുരുമുളകിന്റെ വില വലിയ ഏറ്റക്കുറച്ചിലുകളില്ലാതെ സ്ഥിരമായി നിൽക്കാനാണ് സാധ്യത. കേരളത്തിന്റെ മൊത്തത്തിലുള്ള ഉല്പാദനവും വിപണി വിവരങ്ങളും അവലോകനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ 2015 മെയ് മുതൽ കുരുമുളകിന്റെ വിലയിൽ ഉണർവുണ്ടാകുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. കുരുമുളകിന്റെ ആവശ്യകതയും വിപണിയിലെ ലഭ്യതയും മാറ്റമില്ലാതെ തുടരും എന്ന പ്രതീക്ഷയിലാണ് ഈ പ്രവചനം.

തരംതിരിക്കാത്ത കുരുമുളകിന്റെ കൊച്ചി മാർക്കറ്റിലെ 1995 മുതൽ 20 വർഷത്തെ പ്രതിമാസ വില എക്കണോമെട്രിക് വിശകലനത്തിന് വിധേയമാക്കിയതിന്റെയും നിലവിലുള്ള വിപണി സാഹചര്യങ്ങളുടെയും, ഐ.സി.എ.ആർ. നെറ്റ്‌വർക്ക് പ്രൊജക്റ്റ് ഓൺ മാർക്കറ്റ് ഇന്റലിജൻസ് കുരുമുളക് വ്യാപാരികളുടെ ഇടയിൽ നടത്തിയ സർവ്വെയുടെയും അടിസ്ഥാനത്തിൽ 2015 ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിൽ കുരുമുളകിന്റെ വില കുറയുന്ന പ്രവണതയിൽ നിന്നും മാറ്റമുണ്ടാകാനാണ് സാധ്യത എന്നാണ് കണ്ടെത്തിയിരിക്കുന്നത്. മെയ് 2015 മുതൽ വീണ്ടും വില കൂടിത്തുടങ്ങിയേക്കാം. വിപണിയിൽ ഇപ്പോൾ നിലവിലുള്ള സാഹചര്യങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ വില പ്രവചനം. വിപണിയിലെ സാഹചര്യങ്ങളിൽ മാറ്റമുണ്ടായാൽ ഈ പ്രവചനത്തിലും മാറ്റമുണ്ടാകും. അതിനാൽ കുരുമുളക് വിറ്റഴിക്കുന്നത് സംബന്ധിച്ച് കർഷകർക്ക് ഉചിതമായ തീരുമാനങ്ങളെടുക്കാം.

വിലയുടെ പ്രവചിക്കപ്പെട്ട പരിധികൾ താഴെപ്പറയുന്ന പ്രകാരമായിരിക്കും.

| മാസം | പ്രവചിക്കപ്പെട്ട വില (രൂപ/കിലോഗ്രാം) |
|---|---|
| ഫെബ്രുവരി 2015 | 610 – 650 |
| മാർച്ച് 2015 | 560 – 600 |
| ഏപ്രിൽ 2015 | 480 – 530 |

***റിസർച്ച് ടീം***

*ഡോ: ജെസി തോമസ് കെ, ഡോ: അനിൽ കുരുവിള*
*ഡോ: ചിത്ര പാറയിൽ & ശ്രീ. വിനിൽ രവി*
*ഐ.സി.എ.ആർ നെറ്റ്‌വർക്ക് പ്രൊജക്ട് ഓൺ മാർക്കറ്റ് ഇന്റലിജൻസ്*
*ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര, കേരള കാർഷിക സർവകലാശാല, തൃശ്ശൂർ*